**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2077** **16-03-2022 - ൽ മറുപടിയ്ക്ക്**

**അഴിമതിയുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | null<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിയുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് വിജിലൻസ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് 88 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാർ സർവ്വീസിലെയും മറ്റും അഴിമതി തടയുന്നതിന് എന്തെല്ലാം നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാന സിവിൽ സർവ്വീസ് അഴിമതി രഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം, 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/ മിന്നൽ പരിശോധന എന്നിവ നടത്തുകയും, തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതലനടപടികൾ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന നടപടികൾ സ്വീകരിക്കുന്നു. കൂടാതെ കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അപാകതകൾ നടക്കുന്നുവെന്ന വിവരം ലഭിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലെ അപാകതകൾ സംബന്ധിച്ച സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ നടപടി സ്വീകരിക്കുന്നുമുണ്ട്. പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളിലും അഴിമതിയിലും ഉൾപ്പെട്ട ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അഴിമതി നിർമാർജ്ജനത്തിനും ആവശ്യമായ ശിപാർശകളോടെ സർക്കാരിൽ ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടിൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ മുഖേന തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ് സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ